പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6292 | 31/10/2011 ൽ മറുപടിയ്ക്ക്

## അവശത അനുഭവിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ : | ഡോ. എം.കെ. മുനീർ : (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ വയോജനങ്ങൾക്കും , ഫിസിക്കലി-മെന്റലി അവശതകൾ അനുഭവിക്കുന്നവർക്കും പാർശ്വവത്ക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്കും കൂടുതൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) വയോജനങ്ങളുടെ ക്ഷേമങ്ങളും അവകാശങ്ങളും ഉറപ്പാക്കുന്നതിന് വയോജനനയവും, മെയിന്റനൻസ് ആൻറ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007 ഉം നിലവിലുണ്ട്. ശാരീരികമായും മാനസികമായും അവശതയനുഭവിക്കുന്നവരുടെ അവകാശ സംരക്ഷണത്തിനായി പേഴ്സൺസ് വിത്ത് ഡിസ് -എബിലിറ്റീസ് ആക്ട് 1995 സംസ്ഥാനത്ത് നിലവിലുണ്ട്.<br>പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്കായി വനിതാ നയം സംസ്ഥാനത്ത് നിലവിലുണ്ട്. കൂടാതെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സംരക്ഷണം നൽകുന്ന **D.V Act 2005** ഉം സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളതാണ്.<br>വികലാംഗർക്കായി സഹായ ഉപകരണങ്ങളുടെ വിതരണം , സ്വയംതൊഴിൽ പദ്ധതി, മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങിയ വികലാംഗർക്കുള്ള സബ്സിഡി, വികലാംഗരുടെ പുനരധിവാസം ലക്ഷ്യമാക്കി കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ **NPRPD** |

| | |
|---|---|
| | പദ്ധതി തുടങ്ങിയ പദ്ധതികൾ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടത്തുന്നുണ്ട്.. ഇനിയും വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത വികലാംഗർക്കായി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ബ്ളോക്ക്തല ക്യാമ്പുകൾ നടത്തി കാർഡുകൾ വിതരണം ചെയ്തുവരുന്നു. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി വയോമിത്രം പദ്ധതി നടപ്പിലാക്കിവരുന്നു. വൃദ്ധരെ പരിപാലിക്കുന്ന സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഡിമെൻഷ്യ , അൾഷിമേഴ്സ് രോഗങ്ങൾ ബാധിച്ചവരുടെ ചികിൽസയ്ക്കും പരിപാലനത്തിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും . പാലിയേറ്റീവ് കെയർ ജറിയാട്രിക് കെയറുമായി ബന്ധിപ്പിച്ചുള്ള പരിപാടികൾ നടപ്പാക്കും. വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കും . വയോജനങ്ങളെ പരിചരിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകും. |
| (ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്? | (ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി എല്ലാ മാസവും പദ്ധതി പ്രവർത്തനം പുരോഗതി റിപ്പോർട്ട് വച്ച് അവലോകനം ചെയ്യുന്നതാണ്. വകുപ്പിന്റെ എല്ലാ കീഴ് കാര്യാലയങ്ങളേയും ഡയറക്ടറേറ്റുമായി ബന്ധപ്പെടുത്തുന്ന കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏർപ്പെടുത്തുന്നതാണ്. സാമൂഹ്യ |

| | |
|---|---|
| | സുരക്ഷാ മിഷൻ നടത്തുന്ന പദ്ധതി കളുടെ പ്രയോജനം പരമാവധി ഗുണ ഭോക്താക്കൾക്ക് ലഭിക്കത്തക്ക വിധം വർത്തമാന പത്രങ്ങൾ വഴിയും, മറ്റു മാധ്യമങ്ങൾ വഴിയും പരസ്യം നൽകി വരുന്നു. കൂടാതെ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷ ശേഖരിക്കുന്ന തിനുള്ള ചുമതല അംഗൻവാടി പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ